## പതിമൂന്നാം കേരളനിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ - 5699 — 02.07.2014 ലെ മറുപടിയ്ക്ക്

### കുപ്പിവെള്ള ഫാക്ടറി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.എ.എ. അസീസ് | | ശ്രീ.പി.ജെ.ജോസഫ് (ബഹു.ജലവിഭവ വകുപ്പ് മന്ത്രി) |
| എ) | ജലവിഭവ വകുപ്പിന് കീഴിൽ കുപ്പി വെള്ള ഫാക്ടറി സ്ഥാപിക്കുന്നത് എവിടെയാണെന്ന് അറിയിക്കുമോ; | എ) | ജലവിഭവ വകുപ്പിനു കീഴിൽ കെ ഐ ഐ ഡി സി ഇടുക്കി ജില്ലയിൽ കരിംകുന്നം പഞ്ചായത്തിൽ മുട്ടത്ത് ആണ് കുപ്പിവെള്ളഫാക്ടറി സ്ഥാപിക്കുന്നത് |
| ബി) | പ്രതിദിനം എത്ര കുപ്പിവെള്ളം ഉല്പാദിപ്പിക്കാൻ കഴിയുന്ന പ്ലാന്റാണ് സ്ഥാപിക്കുന്നത്; | ബി) | പ്രതിദിനം 8 മണിക്കൂറുള്ള ഒരു ഷിഫ്റ്റിൽ ഒരു ലിറ്ററിന്റെ 72,000 കുപ്പി വരെ ഉത്പാദിപ്പിക്കാൻ കഴിവുള്ള പ്ലാന്റാണ് സ്ഥാപിക്കുന്നത്. |
| സി) | പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | സി) | പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ് |
| ഡി) | ഫാക്ടറിയുടെ പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ | ഡി) | ഫാക്ടറിയുടെ പ്രവർത്തനം 2014 ആഗസ്റ്റ് മാസത്തോടു കൂടി ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു |
| ഇ) | കുപ്പിവെള്ളത്തിന്റെ വിപണനം എപ്രകാരമാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | ഇ) | കുപ്പിവെള്ളത്തിന്റെ വിപണനം ഡീലർമാരും ഡിസ്ട്രിബ്യൂട്ടർമാരും ഉൾപ്പെടുന്ന ഒരു ശൃംഖല വഴി നടപ്പിലാക്കാനാണ് ഉദേശിക്കുന്നത്. ഇതല്ലാതെ സർക്കാരിന്റെ സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി സർക്കാർ ആശുപത്രി, പൊതു സ്ഥലങ്ങൾ എന്നിവിടങ്ങളിൽ കെ ഐ ഐ ഡി സി നേരിട്ട് വിപണനം ചെയ്യുന്ന കാര്യവും പരിഗണനയിൽ ആണ്. |

സെക്ഷൻ ഓഫീസർ